"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - HUDCO അവാർഡ്ദാന ചടങ്ങിൽ തിരുവനന്തപുരം നഗരസഭയെ പ്രതിനിധീകരിച്ച് തിരുവനന്തപുരം മേയർ ശ്രീമതി. ആര്യ രാജേന്ദ്രൻ.എസ്, ഡൽഹിയിലേയ്ക്ക് നടത്തിയ വിമാന യാത്രയ്ക്ക് സാധൂകരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.308/2025/LSGD തീയതി,തിരുവനന്തപുരം, 31-01-2025

---

പരാമർശം:-

1. HUDCO ചെയർമാൻ& മാനേജിംഗ് ഡയറക്ടറുടെ 27/09/2024 തീയതിയിലെ DO No.HUDCO/CMD/2024-25 നമ്പർ കത്ത്.
2. തദ്ദേശസ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ ഡയറക്ടറുടെ 07.10.2024, 06.11.2024 തീയതികളിലെ LSGD/PD/34567/2024-EER2 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയ്ക്ക് ലഭിച്ച HUDCO അവാർഡ് സ്വീകരിക്കുന്നതിന് 09.10.2024 -ന് , നഗരസഭയെ പ്രതിനിധീകരിച്ച് ശ്രീമതി ആര്യ രാജേന്ദ്രൻ. എസ് (മേയർ ) പങ്കെടുക്കുന്നതിന് പരാമർശം (1) പ്രകാരം ക്ഷണം ലഭിച്ചിരുന്നു. ശ്രീമതി ആര്യ രാജേന്ദ്രൻ. എസ്(മേയർ) ഡൽഹിയിലേയ്ക്ക് നടത്തിയ വിമാന യാത്രയ്ക്ക് അനുമതി ലഭ്യമാക്കുന്നതിനും, യാത്രാചിലവിനത്തിൽ 20,905/- രൂപ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും അനുവദിയ്ക്കുന്നതിനും പരാമർശം (2) പ്രകാരം സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 09.10.2024 തീയതിയിൽ നടന്ന HUDCO അവാർഡ്ദാന ചടങ്ങിൽ തിരുവനന്തപുരം നഗരസഭയെ പ്രതിനിധീകരിച്ച് മേയർ ശ്രീമതി. ആര്യ രാജേന്ദ്രൻ.എസ് ഡൽഹിയിലേയ്ക്ക് നടത്തിയ വിമാന യാത്രയ്ക്ക് സാധൂകരണം നൽകിയും, ആയതിലേയ്ക്കുള്ള ചിലവിനത്തിൽ ആവശ്യമായി വരുന്ന 20,905/- (ഇരുപതിനായിരത്തി തൊള്ളായിരത്തി അഞ്ച് രൂപ മാത്രം) തിരുവനന്തപുരം നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെലീന.എ

ഡെപ്യൂട്ടി സെക്രട്ടറി

മേയർ/സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ .

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD-EM2/155/2024-LSGD].

ഉത്തരവിൻ പ്രകാരം

Signed by

Ajith Kumar K A

Date: 31-01-2025 16:49:00

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.